## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 77 10.06.2013-ൽ മറുപടിയ്ക്ക്

### 2013 ജനുവരി 8 മുതൽ നടന്ന പണിമുടക്കിൽ പങ്കെടുത്തവർക്കെതിരെയുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ. | | ശ്രീ. ഉമ്മൻചാണ്ടി ( മുഖ്യമന്ത്രി) | |
| (എ) | 2013 ജനുവരി 8 മുതൽ നടന്ന പണിമുടക്കിനോടനുബന്ധിച്ച് ജീവനക്കാർക്കെതിരെ എത്ര കേസുകളാണ് എടുത്തിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് 239 കേസുകളും കൂടാതെ യു/എസ് 151 സി. ആർ. പി. സി പ്രകാരം 18 കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. |
| (ബി) | പണിമുടക്കിൽ പങ്കെടുത്തവർക്ക് ഡയസ്നോൺ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ ആകെ എത്ര പേർക്കാണ് ഡയസ്നോൺ നടപ്പിലാക്കിയതെന്നു വ്യക്തമാക്കുമോ; | (സി) | പണിമുടക്കിൽ പങ്കെടുത്ത മുഴുവൻ ജീവനക്കാർക്കും ഡയസ്നോൺ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ കൃത്യമായ എണ്ണം സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കണക്കുകൾ ശേഖരിച്ചുവരുന്നു. |
| (ഡി) | പണിമുടക്കിയ എത്ര ജീവനക്കാരെയാണ് സ്ഥലം മാറ്റിയിട്ടുള്ളത്; | (ഡി) | പണിമുടക്കിയതിന്റെ പേരിൽ ആരെയും സ്ഥലം മാറ്റിയിട്ടില്ല. എന്നാൽ പണിമുടക്കു ദിവസങ്ങളിൽ ജോലിക്ക് ഹാജരായ ജീവനക്കാരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള പോലീസ് കേസിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി മൂന്നു ജീവനക്കാരെ കൊല്ലം ജില്ലയിൽ നിന്നും മാറ്റി നിയമിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ഇ) | എത്ര പേരെയാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്; കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ; | (ഇ) | തിരുവനന്തപുരം കളക്ട്രേറ്റിലെ ഒരു ജൂനിയർ സൂപ്രണ്ടിനെയും ഒരു റവന്യൂ ഇൻസ്പെക്ടറെയും കൊല്ലം കളക്ട്രേറ്റിലെ ഒരു ജൂനിയർ സൂപ്രണ്ടിനെയും അഞ്ച് വില്ലേജ് ഓഫീസർമാരെയും തൃശ്ശൂർ ജില്ലാ |

കളക്ട്രേറ്റിലെ ഒരു എൽ.ഡി ക്ലാർക്കിനേയും വയനാട് ജില്ലാ കളക്ട്രേറ്റിലെ ഒരു എൽ.ഡി ക്ലാർക്കിനേയും ഒരു വില്ലേജ് അസിസ്റ്റന്റിനേയും ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലെ ഒരു. എൽ. ഡി. ടെക്നീഷ്യനേയും സഹകരണ വകുപ്പിലെ രണ്ട് ഓഡിറ്റർമാരെയും ഒരു അസിസ്റ്റന്റ് ഡയറക്ടറെയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ ഒരു യു.ഡി. ക്ലാർക്കിനേയും പോലീസ് വകുപ്പിൽ നിന്നും ഒരു ഫിംഗർ പ്രിന്റ് എക്സ്പെർട്ടിനെയും മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെയും തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഒരു ജൂനിയർ സൂപ്രണ്ടിനെയും ആരോഗ്യ വകുപ്പിൽ കണ്ണൂർ പുഴാതി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒരു ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടറെയും സംസ്ഥാന ജലഗതാഗത വകുപ്പിലെ ഒരു ലാസ്കർ, ഒരു ബോട്ട് ഡ്രൈവർ, ഒരു ഓഫീസ് അറ്റൻന്റ് എന്നിവരെയും ഇടുക്കി പീരുമേട് താലൂക്കോഫീസിലെ ഒരു ഡെപ്യൂട്ടി തഹസിൽദാരെയും തൊഴിൽ വകുപ്പ് കമ്മീഷണറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെയും സസ്പെന്റ് ചെയ്തിരുന്നതായി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | സസ്പെൻഷനിലായ ജീവനക്കാരിൽ എത്ര പേരെയാണ് ഇതിനകം തിരിച്ചെടുത്തിട്ടുള്ളത്; | (എഫ്) & (ജി) | വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് സമരവുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായവരിൽ നാല് ജീവനക്കാരൊഴികെ എല്ലാ പേരെയും തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. |
| (ജി) | ഇനി എത്ര പേരാണ് സർവ്വീസിൽ തിരിച്ചെടുക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ